Draft #4 of File 83723/AD A3-4/2023/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 09-Oct-2023 11:28 AM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല

പുറത്തെഴുത്ത് നം. 83723/AD A3-4/2023/AD A 3 09.10.2023

ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു അംഗീകൃത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സർവീസ് ചട്ടങ്ങൾ, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 ലെ നിബന്ധനകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷം പരമാവധി 15 (പതിനഞ്ച്) ദിവസം പ്രത്യേക ആകസ്മികാവധി അനുവദിച്ച് പുറപ്പെടുവിച്ച 26.09.2023 തീയതിയിലെ സ.ഉ.(അച്ചടി)നം.102/2023/ധന, സർക്കാർ ഉത്തരവ്, മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, പരിച്ഛേദം 10.17-ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷിജി സെബാസ്റ്റ്യൻ വി.
അസിസ്റ്റന്റ് രജിസ്ട്രാർ 1(ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവ്വകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
6. എഫ്.സി.സി./ എ.ഡി.സി. 1/2/3/ ഫിനാൻസ് 1/ ഓഡിറ്റ് 1/ 5
7. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 83723/AD A3-4/2023/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 09-Oct-2023 11:28 AM - Page 2

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സർവ്വീസ് ചട്ടങ്ങൾ - ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.102/2023/ധന.** **തീയതി, തിരുവനന്തപുരം, 26.09.2023.**

---

പരാമർശം :- 1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 03.02.2021 ലെ കെ 3-3804/2020/മെവിവ നമ്പർ കത്ത് .

2. 09.06.2022 ലെ സ. ഉ. (പി) നം. 5/2022/ഉ.ഭ.പ.വ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03/06/2023 ലെ ഡി.എച്ച്.എസ്/1356/2023/എം.എസ്.പി 3 നമ്പർ കത്ത്.

**ഉത്തരവ്**

വൃക്ക സംബന്ധമായ അസുഖം കാരണം ഡയാലിസിസിന് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 15 ദിവസം പ്രത്യേക ആകസ്മിക അവധി അനുവദിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. സമാന ആവശ്യം ഉന്നയിച്ച് റഗുലർ ജീവനക്കാരിൽ നിന്നും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുന്നുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, ഡയാലിസിസിന് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് ഒരു അംഗീകൃത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 ലെ നിബന്ധനകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷം പരമാവധി 15 (പതിനഞ്ച്) ദിവസം പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മറ്റ് തരത്തിൽ തീർപ്പാക്കിയ പഴയ കേസുകൾ പുനഃപരിശോധിക്കുന്നതല്ല.

4. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**സഞ്ജയ് എം. കൗൾ**
**സെക്രട്ടറി (ധനകാര്യ-വ്യയം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർ.
നിയമ വകുപ്പ് ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പകൾ/സെക്ഷനുകൾ.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
കേരളത്തിലെ എല്ലാ സർവകലാശാല രജിസ്ട്രാർമാർ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്.
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ. 1492275 ).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം
Draft #4 of File 83723/AD A3-4/2023/AD A 3 Approved by ASSISTANT REGISTRAR I (ADMIN) on 09-Oct-2023 11:28 AM - Page 3